ടെയിൽറേസ്ടണൽ ചാനലിന്റെ ടെണ്ടർ

* 298 [1026] ശ്രീ. എസ്. ദാമോദരൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, സി. ബി. ചന്ദ്രശേഖര വാര്യർ:
,, എൻ. പ്രഭാകരത്തണ്ടാർ:
,, വി. എസ്. അച്യുതാനന്ദൻ:
,, ഇ. വി. കുമാരൻ:
,, മുസ്തഫാ കെമാൽ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1967-ൽ ഇലക്ട്രിസിറ്റി ബോർഡ് ഇടുക്കിയിലെ ടെയിൽ റേസ്ടണൽ ചാനലിന്റെ ടെണ്ടർ വിളിച്ചിരുന്നുവോ;

(ബി) ഇതനുസരിച്ച് ഏതെല്ലാം കമ്പനികളാ ടെണ്ടർ സമർപ്പിച്ചു;

(സി) ഓരോ കമ്പനിയും സമർപ്പിച്ച ടെണ്ടർ തുക കമ്പനിയുടെ പേരോടുകൂടി വെളിപ്പെടുത്തുമോ;

(ഡി) ടെണ്ടർ സ്ഥിരപ്പെടുത്തിക്കൊടുക്കുന്നതിനു തീരുമാനിച്ച വി. കെ. കുര്യൻ ആൻറ് കമ്പനിക്ക് മൂന്നുമാസം ടെണ്ടർ സ്ഥിരപ്പെടുത്തിക്കൊടുക്കാതിരുന്നു എന്നറിയുന്നതു ശരിയാണോ;

(ഇ) എങ്കിൽ കാരണമെന്ത്;

(എഫ്) പ്രസ്തുത പണി റീ ടെണ്ടർ ചെയ്യുകയുണ്ടായോ;

(ജി) ഉണ്ടെങ്കിൽ കാരണമെന്ത്;

(എച്ച്) റീടെണ്ടർ ചെയ്തിട്ടുണ്ടെങ്കിൽ ടെണ്ടർ തുകയിൽ എന്തെങ്കിലും വർദ്ധനവുണ്ടായിട്ടുണ്ടോ;

(ഐ) മെ: വി. കെ. കുര്യൻ ആൻറ് കമ്പനി ആവശ്യപ്പെട്ടിരുന്ന എല്ലാ റീ ടെൻഷൻ വ്യവസ്ഥകളും റീ ടെണ്ടർ പാർട്ടിക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ടോ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻനായർ):

(എ) വിളിച്ചിരുന്നു.

(ബി, സി) ടെണ്ടർ സമർപ്പിച്ച കമ്പനികളുടെ പേരും ടെണ്ടർ തുകയും താഴെ കാണിക്കുന്നു.

	കമ്പനിയുടെ പേര്	തുക
1.	ഹിന്ദ് കൺസ്ട്രക്ഷൻ ആൻഡ് എൻജിനീയറിംഗ് കമ്പനി, കൽക്കട്ട	90,22,485.00
2.	വർക്കി പത്രോസ്, കൺട്രാക്ടർ, ഇടപ്പള്ളി	56,80,313.00
3.	ബീയെംസ് എൻജിനീയേഴ്സ് ആൻറ് കൺട്രാക്ടേഴ്സ്, കൊച്ചി	62,13,269.00
4.	സി. വി. ജേക്കബ്, കൺട്രാക്ടർ, കടയിരുപ്പ്	65,16,519.80
5.	സി. വി. പോൾ, കൺട്രാക്ടർ, ബാനർജി റോഡ്, എറണാകുളം-8	62,48,319.80
6.	പെറിയപത്രോസ്, കൺട്രാക്ടർ, കോലഞ്ചേരി	66,03,485.00

LIBRARY ARCHIVES Kerala Legislative Assembly

	കമ്പനിയുടെ പേര്	തുക
7.	എൻ. ചെല്ലപ്പൻ, കൺട്രാക്ടർ, ജഗതിഹൗസ്, ബീച്ച്, തിരുവനന്തപുരം	68,70,955.00
8.	വി. കെ. കുരിയൻ ആൻറ് കമ്പനി, കൺട്രാക് ടേഴ്സ്, കോലഞ്ചേരി	58,35,561.00
9.	സി. എൻ. ജോർജ്, കൺട്രാക്ടർ, കോട്ടയം	66,55,825.00
10.	സി. കമലേശ്വരൻ, കൺട്രാക്ടർ, മംഗളമന്ദിരം, ജഗതി, തിരുവനന്തപുരം	64,32,429.00

(ഡി) അതേ.

(ഇ) പ്രസ്തുത കമ്പനിയുടെ ടെണ്ടറിൽ അവർ ടെണ്ടർ വ്യവസ്ഥക്കും പുറമേ പ്രത്യേക വ്യവസ്ഥകൾ ഉന്നയിച്ചിരുന്നതിനാൽ അവരുമായി കത്തിടപാടുകൾ നടത്തേണ്ടിവരികയും, ഈ മൂന്നുമാസത്തിനകം ഒരു കൺക്ലൂഡഡ് കാൺട്രാക്ടിൽ എത്തിച്ചേരാൻ കഴിയാതെ വരികയും ചെയ്തു. 8-11-1967-ൽ ബോർഡ് ചില നിബന്ധനകൾക്ക് വിധേയമായി ഒരു സെലക്ഷൻ നോട്ടീസ് കൊടുക്കുകയാണുണ്ടായത്.

(എഫ്) റീ ടെണ്ടർ ചെയ്തു.

(ജി) വി. കെ. കുര്യൻ ആൻഡ് കമ്പനി, അവർക്ക് സെലക്ഷൻ ആർഡർ കിട്ടിക്കഴിഞ്ഞിട്ട് പിന്നെയും വേറെ ചില പ്രത്യേക വ്യവസ്ഥകൾ ബോർഡിലേക്ക് ഉന്നയിക്കുകയും ബോർഡ് സാമ്പത്തികമായും നിയമപരവുമായ കാരണങ്ങളാൽ അവ നിരാകരിക്കുകയും ചെയ്തു. റീ ടെണ്ടർ മാത്രമേ ഒരു പോംവഴിയായിട്ടുണ്ടായിരുന്നുള്ളു എന്നാണ് ബോർഡിനു ഇതുസംബന്ധിച്ചുള്ള അഭിപ്രായം.

(എച്ച്) ഉണ്ട്.

(ഐ) ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് റീ ടെണ്ടർ ചെയ്ത സമയത്തുണ്ടായിരുന്ന ഒരോരുത്തരുടേയും പേർ വ്യക്തമാക്കാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവരുടെ പേര് ഞാൻ വായിക്കാം.

	പേര്	തുക	
1.	മെസേഴ്സ് വീബിൽഡ് ട്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം	68,93,955.00	രൂപ.
2.	ശ്രീ. സി. എൻ. ജോർജ്	69,64,134.00	രൂപ.
3.	ശ്രീ. വി. എൻ. ജേക്കബ്	86,60,275.00	രൂപ.
4.	ശ്രീ. കുര്യാക്കോസ്, ചേന്നൻകടവ്.	79,91,890.00	രൂപ.
5.	മെസേഴ്സ് ഹിൻദ് കൺസ്ട്രക്ഷൻ ആൻറ് എൻജിനീയറിംഗ് കമ്പനി, കൽക്കട്ട	96,08,258.00	രൂപ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആരുടെ പേരിലാണ് പണി ഉറപ്പിച്ചു കൊടുത്തത്? കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടർ വച്ചിരുന്ന ആളിനാണോ കൊടുത്തത്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇത് ഉറപ്പിച്ചു കൊടുത്തത് ശ്രീ. സി. എൻ. ജോർജ് എന്ന കൺട്രാക്ടരുടെ പേരിലാണ്. ഉറപ്പിച്ചു കൊടുത്ത തുക, 69,64,134 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടറുകാരനാണോ പണി കൊടുത്തത്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കണക്കിൽനിന്നു കാണുന്നതങ്ങനെയാണ്. തൊട്ടുമുൻപിലുള്ളത് വീ ബിൽഡുകാരുടെ 69,28,595 രൂപയുടേതാണ്. ഞാൻ ആദ്യം വായിച്ച തുകയും കൺട്രാക്ടു് അംഗീകരിച്ച തുകയും തമ്മിൽ വ്യത്യാസമുണ്ട്. കാരണം, വീ ബിൽഡ് കമ്പനിക്കാർ സി. എൻ. ജോർജ് കമ്പനിക്കാരുമായി ടെണ്ടറിനെ സംബന്ധിച്ച് നെഗോഷിയേറ് ചെയ്തതിന്റെ ഫലമായി രണ്ടുകൂട്ടരും ആദ്യം ടെണ്ടറിൽ ഉണ്ടായിരുന്ന തുകയിൽ കുറേ കുറച്ചു. അതിന്റെ ഫലമായി അവസാനം വന്ന തുകയാണ് ഞാൻ ഇവിടെ വായിച്ചത്, 69,28,595 രൂപാ വീ ബിൽഡ് കമ്പനിക്കാരുടേത്, 69,64,134 രൂപ സി. എൻ. ജോർജ് കമ്പനിക്കാരുടേത്. ഈ ടെണ്ടർ സി. എൻ. ജോർജ് കമ്പനിക്കാരുടെമേൽ ഉറപ്പിക്കുന്നതിന് പ്രത്യേക കാരണമായി പറയുന്നത്, രണ്ടുകൂട്ടരും തമ്മിലുള്ള 4000 രൂപയുടെ വ്യത്യാസമല്ല, ഇതിന്റെ പ്രവർത്തനക്ഷമതവച്ച് സി. എൻ. ജോർജിന് കൊടുത്തു എന്നാണ്. ഇത് ലോവസ്റ്റു ടെണ്ടറാണ്. അതിനുപുറമേ ഇത് വിജിലൻസ് കമ്മീഷന്റെ അന്വേഷണത്തിലിരിക്കുകയാണ്. അവരുടെ റിപ്പോർട്ട് ഗവൺമെന്റിനു് കിട്ടിയിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇവിടെ വായിച്ച തുകയിൽനിന്നു മനസ്സിലാകുന്നത്, ഏറ്റവും കുറഞ്ഞ ടെണ്ടറുകാരനല്ല കൊടുത്തതെന്നാണ്. ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ടെണ്ടറിന് കൊടുക്കാതെ വേറൊരാളിന് നെഗോഷിയേറ് ചെയ്തുകൊടുക്കാനിടയായ സാഹചര്യം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിൽ പറഞ്ഞിരിക്കുന്നത്

'But both the above tenderers had attached special conditions with their tender without stipulating the extent of financial commitments involved in their conditions to enable proper evaluation. The financial implications in some of the conditions could not be assessed while some conditions did not involve financial commitments.

Negotiations were therefore made with the two tenderers to withdraw the conditions put forward by them.'

എന്നാണ്. അപ്പോഴും മൊത്തത്തിൽ രണ്ടുപേർ ഈ തുകയ്ക്കു വിളിക്കുകയും അതിൽ ചില വ്യവസ്ഥകളും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഈ വ്യവസ്ഥ ചേർത്തതുകൊണ്ട് ലോവസ്റ്റായിട്ടുള്ള രണ്ടു കമ്പനിക്കാരേയും വിളിച്ച് നെഗോഷിയേറ് ചെയ്തതിന്റെ ഫലമായി രണ്ടു കൂട്ടരും തുക കുറെ കുറയ്ക്കുവാൻ തയ്യാറായി. അങ്ങനെ രണ്ടുകൂട്ടരും കുറച്ചതിന്റെ ഫലമായി വന്ന സംഖ്യയാണ് ഞാൻ ഇവിടെ വായിച്ചത്. എന്നാൽ നാലായിരം രൂപ കുറഞ്ഞതുകൊണ്ടല്ല ഈ ടെണ്ടർ ഉറപ്പിച്ചതെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. even though that happens to be the lowest. ഇവർക്ക് കൺട്രാക്ടു് കൊടുക്കാനുണ്ടായ പ്രധാന കാര്യം, ഇതിന്റെ പണി കാര്യമായി നടത്തുന്നതിന് സി. എൻ. ജോർജ് കമ്പനിക്കാരാണ് പറ്റിയതെന്നുള്ള വിശ്വാസംകൊണ്ടാണ്. വീ ബിൽഡ് എന്നു പറയുന്നത് പുതുതായി രൂപീകരിച്ച ഒരു കമ്പനിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള: വീബിൽഡ് പുതിയ കമ്പനിയാണോ; ടെയിൽറേസ് ടണലിന്റെ പണിയേക്കാൾ ബുദ്ധിമുട്ടുള്ള പവ്വർഷാഫ്റ്റ് പണി അവർതന്നെയാണല്ലോ ഇപ്പോൾ ഇടുക്കിയിൽ പണിതുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ തീരുമാനം തെറ്റാണെന്നു വിശ്വസിക്കാൻ കാരണമില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അനുഭവത്തിൽനിന്നു പറയുകയാണ് നിങ്ങൾ പറഞ്ഞ ഷാഫ്റ്റിന്റെ പണിതന്നെ അവർക്കു കൊടുത്തത് അപകടമായി എന്ന നിലയിലാണ് ഇപ്പോൾ ഇരിക്കുന്നത്. ഇന്നലെ ഇടുക്കി റവ്യു ബോർഡിന്റെ ഒരു യോഗം ഉണ്ടായിരുന്നു. ആ യോഗത്തിൽ ആകെയുള്ള പണിയുടെ പുരോഗതി പരിശോധിച്ചപ്പോൾ ഇന്നത്തെ നിലയിലാണ് വീബിൽഡുകാർ ഷാഫ്റ്റിന്റെ പണി നടത്തുന്നതെങ്കിൽ ഇടുക്കി പദ്ധതിയുടെ പ്രവർത്തനംതന്നെ ഒന്നു രണ്ടുകൊല്ലത്തേക്കു നീണ്ടുപോകുമെന്നുള്ള ഭീതിയാണ് കനേഡിയൻ എഞ്ചിനീയർമാർ പ്രകടിപ്പിച്ചത്. നാളെ ഡാക്ടർ കെ. എൽ. റാവു സ്ഥലത്തു പോകുകയും കൺട്രാക്ടർമാരെ വിളിച്ചു സംസാരിക്കുന്നതാണെന്നുമാണ് ഇന്നലെ തീരുമാനമെടുത്തത്. അതുകൊണ്ട് ഷാഫ്റ്റിന്റെ പണി വീബിൽഡുകാർക്കു കൊടുത്തു എന്നുള്ളതുകൊണ്ട് ഇതും കൊടുക്കാമായിരുന്നു എന്നു പറഞ്ഞിട്ടു കാര്യമില്ല. അതുമാത്രമല്ല ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി വിജിലൻസ് കമ്മീഷനെ ഏൽപിച്ചിട്ടുണ്ട്, അവരുടെ റിപ്പോർട്ടു വന്നിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് തുടരേണ്ടതെന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധിക്കുന്നതാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: രണ്ടുകൂട്ടരും നെഗോഷ്യേറു ചെയ്തു എന്നാണ് പറഞ്ഞത്. രണ്ടുകൂട്ടരും നെഗോഷ്യേറു ചെയ്തിരുന്നാലും, അവിടെ നെഗോഷ്യേഷനല്ല നടന്നതെന്നും ഒരു ഫൈറത്തിൽമാത്രം ശ്രീമാൻ സി. എൻ. ജോർജിന് റേറ് റിവൈസ് ചെയ്യാൻ അധികാരം കൊടുത്തു എന്നും ആ അധികാരംതന്നെ ലോവസ്റ്റു ടെൻറർകാരനു കൊടുക്കാതിരിക്കുകയാണു ചെയ്തതെന്നും ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിരിക്കെ മന്ത്രി തെറ്റായ വിവരം ഈ സഭയിൽ പറയാൻ കാരണമെന്താണ്?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ ഇതേപ്പറ്റി യാതൊരു തെറ്റായ വിവരവും പറഞ്ഞിട്ടില്ല. ഞാൻ ഇതിന്റെ നെഗോഷ്യേറിന്റെ വസ്തുവിവരത്തെ സംബന്ധിച്ചേ പറഞ്ഞിട്ടുള്ളു. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതിനെക്കാൾ കൂടുതൽ വിശദമായി പരിശോധിക്കുന്നതിന് വിജിലൻസ് കമ്മീഷന്റെ കൈയിൽ ഇരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതുസംബന്ധിച്ചുള്ള റിക്കാർഡുകളും വിജിലൻസ് കമ്മീഷന്റെ കൈവശമുണ്ട്. ഞാൻ തെറ്റായ വിവരം തന്നതായിട്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല. നമ്മുടെ മുമ്പിലുള്ള വസ്തുതകളും വച്ചു കൊണ്ടു പറയുകയാണെങ്കിൽ രണ്ടുകൂട്ടരുമായി നെഗോഷ്യേറു ചെയ്തു എന്നും ഒരാൾക്കുകുറച്ചു എന്നും ഒരാളുടേതുകൂട്ടിയെന്നും ആണ്. വീബിൽഡ് കമ്പനിക്കാർക്ക് കൂട്ടൽ നടന്നിട്ടുണ്ട്, ജോർജിന്റെ കാര്യത്തിൽ കുറയ്ക്കൽ നടന്നിട്ടുണ്ട്, അവസാനം വന്നത് ഇതാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതായത് സി. എൻ. ജോർജിന് ഒരു ഫൈറത്തിൽ ഒരുലക്ഷത്തി അറുപതിനായിരം രൂപ കുറയ്ക്കാൻ ഓഫർ കൊടുത്തത് മറ്റുള്ളവർക്കും കൊടുത്തിരിക്കുന്നു എന്നാണോ ധരി

62584.

ക്കേണ്ടതു്. ഈ ഓഫർതന്നെ രണ്ടുപേർക്കും ഒരുപോലെ ചെയ്തു എന്നാണോ പറയുന്നതു്, സി. എൻ. ജോർജിനു മാത്രമേ.....

ഡെ. സ്പീക്കർ: ചോദ്യം മാത്രം ചോദിച്ചാൽ മതി.

ശ്രീ. പി. ഗോവിന്ദപ്പിള്ള: പ്രിവിലേജു മോഷൻ കൊണ്ടുവരാനുള്ളതുകൊണ്ടു് വസ്തുതകൾ ചോദിച്ചറിയേണ്ടതുണ്ടു്. രണ്ടുപേർക്കും തുല്യമായിട്ടു് കുറയ്ക്കാൻ അവകാശം കൊടുത്തിട്ടുണ്ടെന്നും രണ്ടുപേരും കുറച്ചു എന്നും പറഞ്ഞു. എന്നാൽ അതല്ല വസ്തുതയെന്നും സി. എൻ. ജോർജിനു് ആദ്യത്തെ ഐറ്റം മാത്രമേ റിവൈസു ചെയ്യാൻ അവസരം കൊടുത്തുള്ളു എന്നതല്ലേ വാസ്തവം ഇതിനെപ്പറ്റി.....

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരുപോയിൻറ് ഓഫ് ഓർഡർ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: എന്റെ വാചകം തീരുന്നതിനു മുമ്പു് പോയിൻറ് ഓഫ് ഓർഡർ വേണമോ?

ശ്രീ. ആർ. എസ്. ഉണ്ണി: സർ, വിവരങ്ങൾ അറിയുന്നതിനുവേണ്ടിയാണു് ഉപചോദ്യങ്ങൾ ചോദിക്കുന്നതു്. പ്രിവിലേജ് മോഷൻ അവതരിപ്പിക്കുമെന്ന മുൻവിധിയോടുകൂടി വിവരങ്ങൾ ശേഖരിക്കാനുള്ള ശ്രമം ആർഡറിലാണോ; ഇതു് ചോദ്യോത്തരത്തിന്റെ സ്പിരിറ്റിനു പറ്റിയതാണോ; ചട്ടങ്ങൾക്കു് അനുസരണമായിട്ടുള്ളതാണോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഈ നിയമസഭയിൽ അവതരിപ്പിച്ച റിപ്പോർട്ടിൽ വിതരണം ചെയ്ത വസ്തുതകൾക്കെതിരായി പറയുന്നതുകൊണ്ടുള്ള സങ്കടംകൊണ്ടു് പറയുകയാണു്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, എന്റെ പോയിൻറ് ഓഫ് ഓർഡറിനു് സ്പീക്കറാണു് റൂളിംഗ് തരേണ്ടതു്.

ഡെ. സ്പീക്കർ: ചോദ്യം മാത്രം ചോദിച്ചാൽമതിയെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഐറ്റം റിവൈസു ചെയ്യുന്ന കാര്യത്തിൽ രണ്ടു ടെൻഡറും നെഗോഷ്യേറ്റു ചെയ്യാതെ ഉയർന്ന ടെൻഡറുമായി നെഗോഷ്യേറ്റു ചെയ്തു എന്നും ഐറ്റത്തിന്റെ റേറ്റ് റിവൈസു ചെയ്യാനുള്ള അധികാരം ലോവസ്റ്റു ടെൻഡറുകാരനു് കൊടുക്കുകയോ ഓഫർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നുമുള്ളതു് ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിനെ സംബന്ധിച്ചു് അനുകൂലമായും പ്രതികൂലമായും ഞാനൊന്നും പറഞ്ഞില്ല. രണ്ടുകൂട്ടരും നെഗോഷ്യേറ്റു ചെയ്തു. അവസാനം വന്ന ഫിഗർ ഇതാണെന്നാണു് ഞാൻ പറഞ്ഞതു്. മറ്റുവിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം വിജിലൻസു് കമ്മിഷന്റെ പരിശോധനയിൽ ഇരിക്കുകയാണു്. നെഗോഷ്യേറ്റു ചെയ്തിട്ടു് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരാളോടു മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളോ മറ്റേയാളിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നകാര്യമൊക്കെ വിജിലൻസു് കമ്മിഷൻ പരിശോധിക്കും. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ കിട്ടുന്ന റിപ്പോർട്ടനുസരിച്ചു് ആവശ്യമായ നടപടികളും ഗവൺമെൻറ് എടുക്കും.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ റിടെൻഡർ നൽകിയിട്ടുള്ളതിന്റെ കാര്യത്തിൽ വീബിൽഡു് കമ്പനിക്കാർക്കും സി. എൻ. ജോർജു് ആൻറ് കമ്പനിക്കാർക്കും അവർ അറ്റാച്ചു ചെയ്തിട്ടുള്ള സ്പെഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടീഷനെ സംബന്ധിച്ചിടത്തോളം നെഗോഷ്യേററു ചെയ്യാൻ ചുമതല പ്പെടുത്തിയപ്പോഴാ സി. എൻ. ജോർജിന് ഐററം റിവൈസു ചെയ്യുന്ന തിനെ സംബന്ധിച്ച് നാൽപതിനായിരം രൂപ കുറപ്പിച്ചു വാങ്ങുകയും അതേസമയത്ത് വീബിൽഡ് കമ്പനിക്കാരുടെ സ്പെഷ്യൽ കണ്ടീഷൻ അനുസരിച്ച് ലോവസ്ററ് ടെൻറർ വിത്ഡ്രാ ചെയ്തുകൊണ്ട് ചീഫ് എഞ്ചിനീയർ ടെൻറർ സി. എൻ. ജോർജിന് ഉറപ്പിച്ചുകൊടുക്കാൻ വേണ്ടി നടപടികളും എടുക്കുകയും അങ്ങനെ നടപടികളും എടുക്കുന്നതായിട്ട് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. ഗോവിനപ്പിള്ള ഇലക്ട്രിസിററി ബോർഡു മെമ്പറും ഫിനാൻസ് സെക്രട്ടറിയുമായിരുന്ന ശ്രീ. രാമചന്ദ്രനെ കത്തുമൂലം അറിയിക്കുകയും, ആ കത്തുതന്നെയും ബോർഡുയോഗത്തിനു മുമ്പാകെ വയ്ക്കാതെ നടപടിസ്വീകരിക്കുകയും ചെയ്തു എന്നറിയുന്നതു ശരിയാണോ ?

ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ: ഇതിലുള്ള ആരോപണങ്ങളൊക്കെ ഞാൻ നിഷേധിക്കുകയാണ്. ഇതിൽ എന്തെല്ലാം നടന്നിട്ടുണ്ട്, ചീഫ് ഇഞ്ചിനീയർ കുററക്കാരനാണോ, ബോർഡു കുററക്കാരാണോ എന്നന്വേഷിക്കുന്നതിനുവേണ്ടിയാണ് വിജിലൻസ് കമ്മീഷനെ ഏൽപിച്ചിട്ടുള്ളത്. അവരുടെ അധികൃതമായ റിപ്പോർട്ട് വന്നുകഴിഞ്ഞാൽ എന്താണു വേണ്ടതെന്നുവച്ച് അപ്പോഴാ നടപടികളും എടുക്കാം.

ശ്രീ. പി. ഗോവിനപ്പിള്ള: ഡി–യുടെ ഉത്തരത്തിൽ വി. കെ. കുര്യൻ ആൻറ് കമ്പനിക്ക് ടെൻറർ സ്ഥിരപ്പെടുത്തിക്കൊടുത്തിട്ടില്ലെന്നു പറഞ്ഞു. അങ്ങനെ സമയത്തിനു സ്ഥിരപ്പെടുത്തിക്കൊടുക്കാതെ ആ ടെൻററിൽനിന്ന് രക്ഷപ്പെട്ട് വി. കെ. കുര്യനു അദ്ദേഹത്തിൻെറ ജാമ്യത്തുക കൊടുത്ത് ബോർഡിനെ നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി എടുത്തിട്ടുണ്ട്. വി. കെ. കുര്യൻെറ പേരിൽ നടപടി എടുക്കാതിരിക്കത്തക്കവിധം വ്യവസ്ഥ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കുമോ ?

ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ: കേസിനെപ്പററി പരിശോധിച്ചതിനുശേഷമേ നടപടി എടുക്കുമോ ഇല്ലയോ എന്നുള്ള കാര്യം പറയാൻ ഒക്കുകയുള്ളു.

ശ്രീ. പി. ഗോവിനപ്പിള്ള: ഈ കേസിനെ സംബന്ധിച്ച് കമ്മീഷൻ ഓഫ് എൻക്വയറീസ് റിപ്പോർട്ടിൽ പറയുകയും അതേപ്പററി വിധി വരുകയും വളരെ വ്യക്തമായിട്ട് ഉദ്യോഗസ്ഥൻമാർ വി. കെ. കുര്യനെ രക്ഷപ്പെടുത്താൻവേണ്ടി ശ്രമം ചെയ്തു എന്നു പറയുകയും ചെയ്തശേഷം 8 മാസം കഴിഞ്ഞിട്ടും ഇതുവരെ എന്തുകൊണ്ടാണ് നടപടി എടുക്കാത്തത് ?

ശ്രീ. എം. എൻ. ഗോവിനന്ദൻ നായർ: ഈ കാര്യത്തെ സംബന്ധിച്ച് ഇതിനുമുമ്പ് വിജിലൻസ് കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് ചോദ്യം വന്ന അവസരത്തിൽ വിശദമായി മറുപടിപറഞ്ഞിട്ടുണ്ട്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: വി. കെ. കുര്യൻ ആൻറ് കമ്പനിയ്ക്ക് ടെൻറർ സ്ഥിരപ്പെടുത്തി എക്സിക്യൂട്ടു ചെയ്യാത്തതു കാരണം വന്ന വീഴ്ചയാണെന്നും അതുകാരണം ഏഴുലക്ഷത്തോളം രൂപയുടെ നഷ്ടം ഇലക്ട്രിസിററി ബോർഡിന് ഉണ്ടായിട്ടുണ്ടെന്നും അറിയുന്നതുശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇത് വി. കെ. കുര്യൻ സമർപ്പിച്ച ടെൻറും ഇപ്പോഴത്തെ അവസാനമായി അംഗീകരിക്കപ്പെട്ട ടെൻറും തമ്മിലുള്ള അന്തരം അന്ന് വി. കെ. കുര്യൻറെത് അംഗീകരിച്ചിരുന്നെങ്കിൽ ബോർഡിനു ഉണ്ടാകുമായിരുന്നില്ല. ആ കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ വന്ന നിഗമനങ്ങളെ സംബന്ധിച്ചുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റ് ഇക്കാര്യത്തെപ്പറ്റി, ഏതെല്ലാം തരത്തിൽ നഷ്ടംവന്നു എന്നുള്ളതിനെസംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനം എടുക്കുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് വിജിലൻസ് കമ്മീഷൻ റിപ്പോർട്ടു വന്നാൽ ഉടൻതന്നെ നടപടി എടുക്കുകയും ചെയ്യുന്നതാണ്.

ശ്രീ. കെ. ടി. ജേക്കബ്: ലോവസ്റ്റ് ടെൻററിൽ കണ്ടീഷൻസ് ഉള്ളപ്പോഴത്തെ ഏതാണ്ട് തുല്യമായ ടെൻറുകളും പരിശോധിച്ച് ഒരു തീരുമാനമെടുക്കാൻ ഇലക്ട്രിസിറ്റി ബോർഡിനെപ്പോലെയുള്ള ഒരു സ്ഥാപനത്തിന് അധികാരമില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ലോവസ്റ്റ് ടെൻററായാലും ഹയസ്റ്റ് ടെൻററായാലും ഇക്കാര്യത്തിൽ മുഴുവൻ തീരുമാനമെടുക്കാനുള്ള പരിപൂർണ്ണമായ അധികാരം ഇലക്ട്രിസിറ്റി ബോർഡിനുണ്ട്.

ശ്രീ. കെ. ടി. ജേക്കബ്: ശ്രീ. സി. എൻ. ജോർജിന് ഈ വർക്ക് വളരെ സമർത്ഥമായി തക്കസമയത്ത് ചെയ്യാൻ കഴിയുമെന്നും അതേ സമയം ഈ വീബിൽഡ് കമ്പനിക്ക് അതിനു സാദ്ധ്യമല്ലെന്നും ഉദാഹരണമായി വെറും 20 ലക്ഷം രൂപയുടെ ഒരു വർക്കായ നേര്യമംഗലം–ഇടുക്കി റോഡ് ഇതുവരേയും പൂർത്തിയായിട്ടില്ലെന്നും.....

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, പോയിൻറ് ഓഫ് ഓർഡർ. വളരെ തെറ്റായ ഇൻഫർമേഷൻസാണ് ഇവിടെ സപ്ലൈ ചെയ്യുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഞാൻ നേരത്തെ ചോദിച്ചപ്പോഴത്തെ അങ്ങ് റൂളിംഗ് നൽകി. അതുകൊണ്ടാണ് ഞാൻ പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ചോദ്യം മുഴുവനാക്കട്ടെ.

ശ്രീ. കെ. ടി. ജേക്കബ്: സർ, ഒരു കോൺട്രാക്ടർ ചെല്ലപ്പനു വേണ്ടിയാണ് ഇത്രയൊക്കെ ചിലർ പറയുന്നതെന്നു എനിക്കറിയാം.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു മെമ്പർ വേറൊരു മെമ്പറെ ഇൻസിനുവേറ്റ് ചെയ്യത്തക്കവിധത്തിൽ ചോദ്യം ചോദിക്കാൻ ഞാൻ അനുവദിക്കുന്നില്ല.

ശ്രീ. കെ. എം. ജോർജ്: ഈ രണ്ടു കമ്പനികളുള്ളതിൽ വീബിൽഡ് കമ്പനിക്കാർ പുതിയ ഒരു കമ്പനിയാണെന്നു ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ഈ കമ്പനി ഏതെങ്കിലും വർക്ക് ഇലക്ട്രിസിറ്റി ബോർഡിൻറെ കീഴിൽ ഫലപ്രദമായി നടത്തിയിട്ടുണ്ടോ; അവർക്ക് അതിനുള്ള കഴിവുണ്ടോ; മറിച്ച് സി. എൻ. ജോർജ് വർക്കു ചെയ്ത് എക്സ്പീരിയൻസ് ഉള്ള ആളാണെന്നറിയുന്നതു ശരിയാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇതിനെപ്പറ്റി വ്യക്തമായി പറയാൻ എനിക്കു പ്രയാസമുണ്ട്. വീബിൽഡ് കമ്പനിയെന്നു പറയുന്നത് മൂന്നു എൻജിനീയർമാർ ചേർന്ന് ഉണ്ടാക്കിയ ഒരു പുതിയ കമ്പനിയാണ്. ആ കമ്പനി ഇലക്ട്രിസിറ്റി ബോർഡിന്റെ കീഴിൽ ഒരു റോഡിന്റെ വർക്കും ഒരു ഷാഫ്റ്റിന്റെ വർക്കും ഇപ്പോൾ എടുത്തു നടത്തുന്നുണ്ട്. ശ്രീ. സി. എൻ. ജോർജ് ഇതിനുമുമ്പ് ഏതെങ്കിലും വർക്ക് നടത്തിയിട്ടുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി എന്റെ കയ്യിൽ ഉള്ള കടലാസുകളിൽ വിവരം ഇല്ല.

ശ്രീ. കെ. എം. ജോർജ്: ശ്രീ. വി. കെ. കുര്യന്റെ ടെൻഡർ ഉറപ്പിക്കാതിരുന്നത്, വി. കെ. കുര്യന്റെ ടെൻഡർ ഉറപ്പിക്കേണ്ട ഘട്ടമായപ്പോഴേക്കുളമാവിൽ വെടിവെയ്പും മറ്റു തരത്തിലുള്ള ഭീകരാവസ്ഥ നിലവിലിരുന്നതുകൊണ്ട് പോലീസ് പ്രൊട്ടക്ഷൻ ലഭിക്കാതെ വർക്കു ചെയ്യാൻ വയ്യ എന്നുള്ള കണ്ടീഷൻ വേണമെന്നും അങ്ങനെ ചെയ്യണമെന്ന് എഴുതി അറിയിച്ചതുകൊണ്ടാണെന്നും അറിയുന്നതു ശരിയാണോ; ഇതിൽ യാഥാർത്ഥ്യമുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: നോട്ടീസ് വേണം. എങ്കിലേ ഉത്തരം പറയാൻ കഴിയൂ.

ശ്രീ. കെ. കരുണാകരൻ: റീടെൻഡർ ചെയ്യുന്ന സമയത്ത് റേറ്റ് കൂടിവരുന്നു എന്നുള്ളത് കുറെക്കാലമായി അനുഭവമുള്ള കാര്യമാണ്. ആ നിലയിൽ ഒരിക്കൽ ടെൻഡർ വിളിച്ചുകഴിഞ്ഞാൽ ലോവസ്റ്റ് ടെൻഡർകാരുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതിനു പകരം റീടെൻഡർ വിളിക്കുന്ന നടപടി ഭാവിയിലെങ്കിലും ഒഴിവാക്കാൻ ശ്രമിക്കുമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഭാവിയെ സംബന്ധിച്ച് എന്താണെന്നാലോചിക്കാം.

ശ്രീ. എം. എം. തോമസ്: ജസ്റ്റിസ് ശങ്കരന്റെ റിപ്പോർട്ടിൽ ടേംസ് ഓഫ് റഫറൻസിൽ പറയാൻ പല കാര്യങ്ങളെപ്പറ്റിയും അഭിപ്രായം പറഞ്ഞിട്ടുണ്ടെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി തീരുമാനമെന്തെങ്കിലും എടുത്തോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് ഇപ്പോൾ എന്റെ കൈവശമില്ലാത്തതുകൊണ്ട് അങ്ങനെ ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പറൻമാർ പറഞ്ഞാൽ അതു മുഖവിലയ്ക്കെടുക്കുകയല്ലാതെ അതിനകത്തുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാതെ പറയാനുള്ള പ്രാപ്തി എനിക്കില്ല.

ശ്രീ. മുസ്തഫാ കമാൽ: കാര്യക്ഷമത കണക്കിലെടുത്താണ് ശ്രീ. ജോർജിനു വർക്കു കൊടുത്തതെന്നു പറയുകയുണ്ടായി. അതിന്റെ മാനദണ്ഡം എന്താണ്; ഇതിനു മുമ്പ് അദ്ദേഹം എവിടെയെല്ലാം കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ശ്രീ. ജോർജിന്റെ കാര്യക്ഷമതയെപ്പറ്റിയുള്ള ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ ഞാൻ മറുപടി പറയാം. എവിടെയെല്ലാം കോൺട്രാക്ട് എടുത്തു നടത്തിയിട്ടുണ്ടെന്നു പറയാൻ ഇപ്പോൾ വിവരമില്ല. പിന്നെ വീബിൽഡ് കമ്പനിയെ സംബന്ധിച്ച് ഞാൻ പറയാനുണ്ടായ കാരണം മറ്റൊന്നാണ്. ഇന്നലെ ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

റിവ്യൂബോർഡ് കൂടിയഅവസരത്തിൽ റോഡിന്റെകാര്യവും ഷാഫ്റ്റിന്റെ കാര്യവും ഡിലേ വന്നതിനെപ്പറ്റി പറഞ്ഞപ്പോഴാ അറിഞ്ഞതാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ടെയിൽറേസ് ടണൽ ചാനലിന്റെ പുരോഗതി ആദ്യം തീരുമാനിച്ച വിധത്തിലുള്ള ഷെഡ്യൂൾ അനുസരിച്ചു തന്നെയാണ് പോകുന്നതെന്നാണോ മന്ത്രിയുടെ അഭിപ്രായം; ഇപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നത് തൃപ്തികരമായ വിധത്തിലാണെന്നാണോ അഭിപ്രായം?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്റെ അഭിപ്രായം ഇതിനകത്തു പ്രസക്തമല്ല. ഇന്നലെ കനേഡിയൻ എൻജിനീയർമാരും ഇലക്ട്രിസിറ്റി ബോർഡ് ചീഫ് എൻജിനീയറും സെൻട്രൽ വാട്ടർ ആൻറ് പവ്വർ കമ്മീഷൻ അംഗങ്ങളും എല്ലാം കൂടിയിരുന്നു ഇതിന്റെ പുരോഗതിയെ സംബന്ധിച്ച് പരിശോധിച്ച കൂട്ടത്തിൽ അവർ പ്രിപ്പയർ ചെയ്ത നോട്ടിൽ പറഞ്ഞിട്ടുള്ളതാണ് ഞാൻ പറഞ്ഞതു്. അതിൽ ടെയിൽറേസ് ടണലിനെ സംബന്ധിച്ചിടത്തോളം ഉദ്ദേശിക്കുന്ന രീതിയിൽ തീരുമെന്ന റിപ്പോർട്ടാണ് എൻജിനീയറൻമാർ തന്നിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി (റിപ്പോർട്ടിനെ മാത്രം ആശ്രയിക്കാതെ) 17-ാം തീയതി ഡോ. റാവു തന്നെ മറ്റുദ്യോഗസ്ഥൻമാരുമായി എല്ലാവർക്കുകളും പരിശോധിക്കാൻ സ്ഥലത്തു പോകുന്നുണ്ട്. അദ്ദേഹത്തിന്റെ റിപ്പോർട്ടു വന്നുകഴിഞ്ഞതിനുശേഷം വളരെ ഖണ്ഡിതമായ, വ്യക്തമായ വിവരം സഭയെ അറിയിക്കുവാൻ കഴിയും.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത് വിജിലൻസിന്റെ അന്വേഷണത്തിലിരിക്കുകയാണ് ഇപ്പോഴും എന്നാണ്. വിജിലൻസിന്റെ അന്വേഷണത്തിനു മുൻപായിട്ടാണല്ലൊ ജസ്റ്റീസ് ശങ്കരന്റെ റിപ്പോർട്ടു വന്നിട്ടുള്ളത്; അതിന്റെ മേലുള്ള നടപടി എന്തായി എന്നു പറഞ്ഞതിനുശേഷം വേണമല്ലൊ വിജിലൻസ് കമ്മീഷന്റെ റിപ്പോർട്ടിന്റെ മേലുള്ള നടപടി. അപ്പോഴാ ജസ്റ്റീസ് ശങ്കരന്റെ റിപ്പോർട്ടിൻമേൽ എന്തുകൊണ്ടാണ് നടപടിയെടുക്കാത്തതെന്നു പറയാമോ?

ഡെപ്യൂട്ടി സ്പീക്കർ: ഇതു മിനിയാന്നുതന്നെ വളരെ വിശദമായി ഇവിടെ പ്രതിപാദിക്കുകയും രണ്ടു മന്ത്രിമാർ തമ്മിൽ കോൺഫ്ളിക്ട് ഉണ്ടാകുന്ന ഘട്ടം വരെ എത്തുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് അതിലേയ്ക്കു കടക്കേണ്ടതില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്: വീബിൽഡ് കമ്പനിയെ ഏൽപിച്ച പണി വളരെ മോശമായിട്ടാണ് ചെയ്യുന്നതെന്നു മന്ത്രി പറയുകയുണ്ടായി. മാത്രമല്ല അവരുടെ പണി കുറെക്കൂടി ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടും യാതൊരു പുരോഗതിയും ഉണ്ടാകാതിരിക്കുന്ന സ്ഥിതിക്ക് ഇടുക്കി പദ്ധതി മുഴുവൻ താമസിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇതിന്റെ പ്രാഥമികമായ കാര്യങ്ങളാണ് ഇന്നലെ ചർച്ച ചെയ്തത്. ഇതിനെപ്പറ്റി വിശദമായി അന്വേഷിക്കുന്നതിനും എന്താണ് പരിഹാരമാർഗ്ഗമെന്നു നോക്കാനും വേണ്ടിയാണ് ഡോ. കെ. എൽ. റാവു ആ സ്ഥലം സന്ദർശിക്കുന്നത്. ഇപ്പോഴത്തന്നെ രണ്ടു കൊല്ലം താമസിച്ചിട്ടുണ്ട്. 1970-നു തീരണമെന്നാണ് വെച്ചിരുന്നത്. ഇപ്പോൾ 1972-ലേ തീരുകയുള്ളു എന്ന കാര്യം ഏറക്കുറെ തീർച്ചയായിട്ടുണ്ട്. അതുകൊണ്ട് ഇനിയും കാലതാമസം ഉണ്ടാകാതെ ഈ വർക്കു

LIBRARY ARCHIVES Kerala Legislative Assembly

കളെല്ലാം പുരോഗമിപ്പിക്കുന്നതിനു എന്തു നടപടിയാണെടുക്കേണ്ടതെന്നുള്ളത് ഡോ. റാവുവിന്റെ വിദഗ്ദ്ധമായ അഭിപ്രായം അനുസരിച്ചു ചെയ്യുന്നതായിരിക്കും നല്ലതെന്നാണ് എന്റെ ബോദ്ധ്യം.

വിദ്വാൻ പരീക്ഷകൾ

*299 [1027] ശ്രീ. എ. വി. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാല മലയാളം, ഹിന്ദി, കർണ്ണാടകം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെ വിദ്വാൻ പരീക്ഷകൾ നിർത്തലാക്കാൻ തീരുമാനിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അവ നിർത്തലാക്കാതിരിക്കുവാൻ വേണ്ട നടപടി എടുക്കുമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): (എ) കേരള സർവകലാശാലയുടെ മലയാളം വിദ്വാൻ പരീക്ഷ മാത്രമേ നിറുത്താൻ ഉദ്ദേശിക്കുന്നുള്ളു.

(ബി) ഈ തീരുമാനം പുനഃപരിശോധിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. വി. കുഞ്ഞമ്പു: കേരള സർവകലാശാല മലയാളം വിദ്വാൻ പരീക്ഷ നിർത്തുന്നതിന്റെ ഫലമായി മലയാളഭാഷയുടെ നിലവാരത്തിൽ അങ്ങേയറത്തെ കുറവുള്ള പരിതഃസ്ഥിതി കുറെക്കൂടി വഷളായിത്തീരുമെന്ന കാര്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇല്ല.

ശ്രീ. എ. വി. കുഞ്ഞമ്പു: ഇന്ന് മലയാളത്തിൽ 'വിദ്യാർത്ഥി' എന്നതിന് 'വിധ്യാർത്ഥി' എന്നും 'ബോധം' എന്നതിന് 'ഭോധം' എന്നുമെല്ലാം പദശുദ്ധിയില്ലാതെയും അക്ഷരശുദ്ധിയില്ലാതെയും സംസാരിക്കുന്നുണ്ട്. ഇങ്ങനെ മലയാളത്തിന്റെ നിലവാരം താണുകൊണ്ടിരിക്കുന്ന ഈ പരിതഃസ്ഥിതിയിൽ മലയാളം വിദ്വാൻ നിർത്തലാക്കുന്നതുകൊണ്ട് അതു കുറെക്കൂടി താണുപോകും. അതുകൊണ്ട് മലയാളം വിദ്വാൻ നിർത്തലാക്കാതിരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും വിദ്വാൻമാർ ഉള്ളതുകൊണ്ടാണോ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കുഴപ്പങ്ങൾ ഉണ്ടാകുന്നത്? ശബ്ദസംബന്ധമായ തകരാറുകൾ ഇപ്പോഴും വിദ്വാൻമാർ ഉള്ളപ്പോഴാണ് വരുന്നത്. ഏതായാലും ശബ്ദശോധിനി എന്ന ഒരു ചാർട്ട് ഉണ്ട്; അത് എല്ലാ സ്കൂളുകളിലും വാങ്ങിക്കാൻ ഏർപ്പാടു ചെയ്യാൻ നോക്കാം.

ശ്രീ. എൻ. കെ. ശേഷൻ: മലയാളത്തിൽ മാത്രമേ വിദ്വാൻ പരീക്ഷ നിറുത്തിയിട്ടുള്ളുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. മറ്റു ഭാഷകളിൽ തുടരുന്നുണ്ടെന്നും പറഞ്ഞു. മലയാള ഭാഷയോടു മാത്രം കേരള സർവ്വകലാശാല ഇങ്ങനെ ഒരു സമീപനം സ്വീകരിക്കാനുണ്ടായ കാരണമെന്താണെന്ന് അറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മലയാളം വിദ്വാൻ വേണ്ടെന്നു വയ്ക്കാൻ തീരുമാനിച്ചതോടുകൂടി തന്നെ കാലക്രമേണ മറ്റു ഭാഷകളിലെ വിദ്വാൻ പരീക്ഷയും നിറുത്തലാക്കണമെന്നുള്ള നയം സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly